# രാജ്യരക്ഷയ്ക്കായുള്ള വികസനം

ജവാഹർലാൽ നെഹ്റു

പബ്ലിക്കേഷൻസ് ഡിവിഷൻ

ഫെബ്രുവരി 1963 (മാഘം 1884)
February 1963 (Magha 1884)

**DEVELOPMENT FOR DEFENCE**

(Malayalam)

Not for Sale

(വില്പനയ്ക്കല്ല)

Published by the Director, Publications Division, Delhi-6
and Printed at the Roxy Printing Press, New Delhi

# രാജ്യരക്ഷയ്ക്കായുള്ള വികസനം

നാം ഇന്നു് ഇവിടെ കൂടിയിട്ടുള്ളതു് നമ്മുടെ മേൽ വന്നു കയറിയിട്ടുള്ള അടിയന്തരാവസ്ഥയെപ്പററി വികസനത്തിൻെറ പ്രത്യേക സാഹചര്യത്തിൽ ചർച്ച ചെയ്യാനും അതിനെ നാം നേരിടേണ്ടതെങ്ങനെയെന്നു് വിശാലമായ ഒരു മാർഗ്ഗനിർദ്ദേശം നൽകാനുമായിട്ടാണു്. ഈ അടിയന്തരാവസ്ഥ പൊടുന്നനവേ നമ്മുടെ മേൽ വന്നു കയറിയ ശേഷം അതിനായുള്ള തയ്യാറെടുക്കൽ, ചെലവുകൾ തുടങ്ങിയതിൻെറയെല്ലാം പേരിൽ അതിൻെറ അർത്ഥമെന്താണെന്നു് നാം മനസ്സിലാക്കിയപ്പോഴേക്കും ചില യാളുകൾ ഒരു നിമിഷനേരത്തേക്കു് വിചാരിച്ചുപോയി, അതു് നമ്മുടെ വികസനപദ്ധതികളുടെ മേൽ ഗുരുതരമായ ആഘാതമുണ്ടാക്കുമെന്നു്. എന്നാൽ കഴിഞ്ഞ തവണ നാം സമ്മേളിച്ചപ്പോൾ, ഈ അടിയന്തരാവസ്ഥ നമ്മുടെ വികസനപദ്ധതികളെ ബാധിക്കാൻ, കഴിയുന്നേടത്തോളം അനുവദിക്കരുതെന്ന അഭിപ്രായമാണു് ഈ കൌൺസിലിനുണ്ടായിരുന്നതു്. ഇക്കാര്യം എത്രയേറെ പരിഗണിച്ചുവോ അത്രയേറെ നാം മനസ്സിലാക്കി, നമ്മുടെ വികസനപദ്ധതികൾ രാജ്യരക്ഷയുടെ ഒരു മൌലികാംശമാണെന്നു്. വികസനപദ്ധതികളിൽ 85 ശതമാനം മൌലികമായും രാജ്യരക്ഷയുടെ ഭാഗമാണെന്നു് കണക്കാക്കിയിട്ടുള്ളതായി എനിക്കു് തോന്നുന്നു. ശേഷമുള്ള 15 ശതമാനം പോലും, പരോക്ഷമായിട്ടെങ്കിലും, രാജ്യരക്ഷയുമായി ബൻധമുള്ളതാണു്. ഒരു പക്ഷെ ചില കാര്യങ്ങൾ മെല്ലെ മതിയെന്നു് വെയ്ക്കുകയോ മററു വിധത്തിൽ പൊരുത്തപ്പെടുകയോ ചെയ്യേക്കാം. എന്നാൽ നമ്മുടെ പദ്ധതികളുടെ ഏറിയ പങ്കും മൌലികമായും രാജ്യരക്ഷക്കുള്ളതാണു്. അതുകൊണ്ടു്, ഇതു് രാജ്യരക്ഷാചെലവിനമാണു്, ഇതു് വികസനച്ചെലവിനമാണു് എന്നു്, രണ്ടും വെവ്വേറെ

* പ്രധാനമന്ത്രി ശ്രീ. നെഹ്റു 1963 ജനവരി 18—ാംനു- ന്യൂദൽഹിയിൽ വെച്ച് ദേശീയവികസന കൌൺസിലിൻെറ സ്ഥിരം സമിതിയുടെ യോഗത്തിൽ ചെയ്ത പ്രസംഗം.

കാര്യങ്ങളാണെന്ന മട്ടിൽ, ഒരു വര വരച്ച് പറയുന്നതു് ശരിയോ നീതീക രിക്കാവുന്നതോ അല്ല. ഉദാഹരണത്തിനു് രാജ്യരക്ഷയുടെ വീക്ഷണകോണിലൂടെ നോക്കിയാൽ, കൃഷി പുഷ്ടിപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതമാണു്. നമ്മുടെ കാർഷികോല്പാദനം കമ്മിയാകുന്നതിനു പകരം വ്യക്തമായും ഏറുകയാണെങ്കിൽ, വിദേശനാണയം ലാഭിയ്ക്കപ്പെടുമെന്നു മാത്രമല്ല, നമ്മുടെ വ്യവസായങ്ങളും രാജ്യരക്ഷാശ്രമങ്ങളും കെട്ടിപ്പടുക്കാൻ തക്ക, ഉറച്ച, കാർഷികമായ ഒരു അടിത്തറയുണ്ടായിരിക്കുകയും ചെയ്യും. നമ്മുടെ കൃഷിയിൽ വേണ്ടത്ര ഉല്പാദിപ്പിക്കുകയെന്നുള്ളതു് പീരങ്കികളുടെ കാര്യം പോലെ തന്നെ പ്രധാനപ്പെട്ടതാണു്.

ഇതു തന്നെയാണു് വ്യവസായത്തെപ്പററിയും പറയാനുള്ളതു്. തൽക്കാലം മാററിവെയ്ക്കാവുന്ന ചില ചില വ്യവസായങ്ങൾ കണ്ടേക്കാം. എന്നാൽ നമ്മുടെ പദ്ധതി കരുപ്പിടിപ്പിച്ചതു് നോക്കിയാൽ, രാഷ്ട്രത്തിനു് ശക്തി നൽകുന്ന അത്യാവശ്യമായ കാര്യങ്ങളെ ആധാരമാക്കിയുള്ളതാണതെന്നു് കാണാം. ഉദാഹരണത്തിനു് നമ്മുടെ രാജ്യരക്ഷോല്പാദനവ്യവസായങ്ങളുടെ വളർച്ചക്കു് പ്രാധാന്യം കൊടുത്തു തന്നെ തീരണം. തികച്ചും രാജ്യരക്ഷയുടെ വീക്ഷണകോണിലൂടെ നോക്കിയാൽ ഇതു് ഏററവും പ്രധാനപ്പെട്ട കാര്യമാണു്. ഒന്നാമത്തെ മുൻഗണന നൽകപ്പെടുന്ന വ്യവസായങ്ങൾ ഏതൊക്കെയായിരിക്കണമെന്ന കാര്യത്തിൽ അല്പമൊരു മാററം വന്നേക്കാം. എന്നാൽ നമ്മുടെ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വലിയ വ്യവസായങ്ങൾ മൊത്തത്തിൽ രാജ്യരക്ഷയ്ക്കു് ആവശ്യമാണു്. അതുപോലെ തന്നെ വിദ്യുഛക്തിയുല്പാദനവും; അതുപോലെ തീർച്ചയായും ആവശ്യമുള്ളതാണു് ഗതാഗതവും. ഇവയൊക്കെ രാജ്യരക്ഷയുമായി ഉററബൻധമുള്ളതാണു്. ഈ നാലോ അഞ്ചോ ഇനങ്ങളാണു് പദ്ധതിയുടെ 85 ശതമാനവും.

പിന്നെ ശേഷമുള്ളതിലൊരു ഭാഗം—സാമൂഹ്യസേവനത്തുറകളും വിദ്യാഭ്യാസവും—തുല്യപ്രാധാന്യമുള്ളതാണു്, ലേശം വ്യത്യസ്തമായ ഒരു വീക്ഷണകോണിലൂടെയാണെന്നേയുള്ളു. കൃത്യമായും രാജ്യരക്ഷയുടെ മാത്രം വീക്ഷണകോണിലൂടെയാണെങ്കിൽ, പരിശീലനം സിദ്ധിച്ച യാളുകളെ, എഞ്ചിനിയറന്മാരെയും അതുപോലുള്ളവരെയും, ഉണ്ടാക്കുന്ന പദ്ധതിയുമായി നാം അതിവേഗം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. അതു് അത്യന്തം പ്രാധാന്യമുള്ളതായിത്തീർന്നിട്ടുണ്ടു്. എന്നാൽ മററു വിധത്തിലുള്ള വിദ്യാഭ്യാസങ്ങളും തുല്യപ്രാധാന്യമുള്ളതാണു്. എന്തെന്നാൽ വിദ്യാഭ്യാസം നമ്മുടെ വ്യാവസായികശ്രമങ്ങളുടെയും കാർഷിക

ശ്രമങ്ങളുടെയും തോതു് ഉയത്തും. അതുകൊണ്ടു് അങ്ങുമിങ്ങും ചില നിസ്സാരഭേദഗതികൾ വരുത്തിക്കൊണ്ടു് നമ്മുടെ പദ്ധതിയുമായി മുന്നോട്ടുപോകുകയല്ലാതെ, വാസ്തവത്തിൽ ഒരു പോംവഴിയുമില്ല.

വളരെ വളരെ വമ്പിച്ച ഒരു ഭാരം ചുമക്കുകയെന്നാണിതിനൎത്ഥം. പ്രത്യക്ഷമായ യുദ്ധഭാരവും, പിന്നെ, അങ്ങനെ പറയാമെങ്കിൽ, പരോക്ഷമായ യുദ്ധഭാരവും. അതാണു് പദ്ധതിഭാരം. ഒരു രാഷ്ട്രത്തിനു് ചുമക്കാവുന്ന ഭാരത്തിനു് പരിധിയുണ്ടെന്നു് പറഞ്ഞേക്കാം. എന്നാൽ പരിധികൾ അന്തിമവിശകലനത്തിൽ അടിയന്തരാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. സാധാരണകാലങ്ങളിൽ, ആരുംതന്നെ, യുദ്ധകാലത്തു് ചെയ്യുന്നത്ര റവന്യൂ ഉണ്ടാക്കാനോ,ചെലവിടാനോ ആലോചിക്കുകയില്ല. എന്നാൽ ഒരു യുദ്ധം വരുമ്പോൾ ആ പരിധികൾ അയവുള്ളതായിത്തീരുന്നു. അവ അയവുള്ളതായേ പററൂ. കാരണം, രാഷ്ട്രം നിലനില്പിനായി പൊരുതുകയാണു്. അതുകൊണ്ടു് നമുക്കു് കഴിവുള്ളതിൻെറ പരമാവധി ചെയ്യുകയെന്നതായിരിക്കണം നമ്മുടെ സമീപനം.

ഇതിനു് മറെറാരു വശമുണ്ടു്. ഈ രാജ്യത്തു് ജനാവേശത്തിൻെറ വലിയൊരു ഇരമ്പിക്കയററമുണ്ടു്. ഈ ഉത്സാഹം വളരെ പ്രശംസനീയമായ ഒരു കാര്യമാണു്. അതു് നമ്മെ ഉത്തേജിപ്പിച്ചിരിക്കുന്നു. എന്നാൽ യുദ്ധം നടത്തിക്കൊണ്ടുപോകാൻ നമുക്കു് രാജ്യരക്ഷാനിധിയെ ആശ്രയിക്കാനൊക്കുകയില്ല. അതു് സാധിക്കുകയില്ലെന്നു് സ്പഷ്ടമാണു്. അതു് ന്യായവുമല്ല. രാജ്യരക്ഷാനിധിയുടെ ഏററവും വലിയ പങ്കു് ചെറിയ ആളുകളിൽ നിന്നാണു്, സാധാരണക്കാരിൽ നിന്നാണു്, വന്നതു്. ഞാൻ വലിയ ആളുകളെ, പണക്കാരെ, ഒരു തരത്തിലും വിമർശിക്കുകയല്ല. പക്ഷെ അതിലേക്കു് വമ്പിച്ച തോതിൽ സംഭാവന ചെയ്യതു് സാധാരണക്കാരാണു്. ഇനി മററു മാർഗ്ഗങ്ങളിലൂടെ ഈ ഭാരം കൂടുതൽ നീതിപൂർവ്വകമായി വീതിയ്ക്കാൻ ശ്രമിയ്ക്കുന്നതാണു് കുറേക്കൂടി നല്ലതു്. പിന്നെ മാനസികമായ ഒരു വശവുമുണ്ടു്. ഈ അടിയന്തരാവസ്ഥയെ ജനങ്ങൾ അവരുടെ ശ്രമങ്ങളിലൂടെ സ്വയം നേരിടുകയാണെന്നും അവർക്കു് തോന്നണം, അതു് അവരെ വ്രണപ്പെടുത്തുമെങ്കിൽക്കൂടിയും. യഥാൎത്ഥത്തിൽ അതു് വ്രണപ്പെടുത്തണം. 'എങ്കിൽ കൂടിയും' എന്നതല്ല പ്രശ്നം. വ്രണപ്പെടുത്തുന്നതുവരെ നാം അതു് ചെയ്യേ തീരൂ. അതു് അനേകമാളുകളെ വ്രണപ്പെടുത്തുന്നുണ്ടു്. അനേകം പേരെ അതു് വ്രണപ്പെടുത്തുകയും അനേകം പേർക്കു് ജീവഹാനി വരുത്തുകയും ചെയ്തു കഴിഞ്ഞു.

എന്നിട്ടും അതു് ധനപരമായി വ്ഺണപ്പെടുത്തുന്നുവെന്ന വാദം ആരായാലും ഉന്നയിക്കുന്നതു് അത്ര നല്ലതല്ല.

നാം കഴിയുന്നേടത്തോളം നമ്മുടെ സ്വന്തം ധനവിഭവമാർഗ്ഗങ്ങളിലൂടെ ഈ യുദ്ധാവസ്ഥയെ നേരിടാൻ ശ്രമിക്കുന്നുവെന്ന വസ്തുത തന്നെ ഒരു വലിയ കാര്യമായിരിക്കും, ഈ നാടിനും പുറമേയുള്ള ലോകത്തിനും. മററു് രാജ്യങ്ങൾ, അതിലും വിശേഷിച്ച്, ശ്രദ്ധേയമായവിധം, അമേരിക്കയും ഇംഗ്ലണ്ടും, നമ്മെ ഉദാരമായി സഹായിക്കുന്നുണ്ടെന്നു് നിങ്ങൾക്കെല്ലാവർക്കും അറിയാം. നാം ആ സഹായം ആവശ്യപ്പെട്ടതും സ്വീകരിച്ചതും തികച്ചും നീതീകരിയ്ക്കുത്തക്കതാണെന്നു് ഞാൻ വിചാരിക്കുന്നു. അങ്ങനെ ചെയ്യുതിൽ എനിക്കു് മനസാക്ഷിക്കുത്തോ മനഃചാഞ്ചല്യമോ ഒന്നുമില്ല. എന്നാൽ നാം തന്നത്താൻ ഭാരം ചുമക്കാൻ സകല ശ്രമവും നടത്തുമ്പോഴാണു് യഥാർത്ഥത്തിൽ നീതീകരണമുണ്ടാകുന്നതു്. നമ്മുടെ ശ്രമങ്ങൾ ഇളയ്ക്കുകയാണെന്നോ, അതല്ലെങ്കിൽ നാം വേണ്ടത്ര ഭാരം ചുമക്കാതെ, അതു് മററുള്ളവരുടെ ചുമലിലേക്കു് ഏല്പിച്ചുകൊടുക്കുകയാണെന്നോ അവർ വിചാരിക്കുന്നതു്, നമ്മുടെ സ്വന്തം ജനങ്ങളുടെ കാഴ്ചപ്പാടിലൂടെയായാലും അതിലുമേറെ മററുള്ളവരുടെ കാഴ്ചപ്പാടിലൂടെയായാലും, തികച്ചും തെററാണു്. അതു് ഒരർത്ഥത്തിലും ശരിയായിരിക്കയില്ല. അതു് നമ്മുടെ മനോവീര്യത്തെ ഉലയ്ക്കും.

നമ്മുടെ സ്വന്തം ശ്രമങ്ങളുമായി പൂർണ്ണമായും മുന്നോട്ടു് പോകുന്നതു് നമുക്കു് വേദനാജനകമാകുമ്പോൾ പോലും നാം പരമാവധി യത്നിക്കുന്നുണ്ടെന്നു് അവർ കണ്ടാൽ, ആ മനോഭാവം അവർ വില മതിക്കുകയും ഉദാരമായി സഹായിക്കാൻ അവർക്കു് കുറേക്കൂടി മനസ്സുവരുകയും ചെയ്യും. പക്ഷെ നാം ഈ സ്ഥിതിഗതിയെ നേരിടുന്നതാണു് മുഖ്യമായ കാര്യം. ധീരമായും, ആ ഭാരം ചുമക്കാനുള്ള സകല ആഗ്രഹത്തോടുംകൂടിയും, അതിനെ നേരിടുന്നതുതന്നെ ആ സ്ഥിതിഗതിയോടുള്ള ഒരു ഒന്നാന്തരം പ്രതികരണമായിരിക്കും, നമ്മുടെ സ്വന്തം ജനങ്ങൾക്കും വിദേശത്തുള്ളവർക്കും. ഇക്കാര്യം തീരുമ്പോഴും ഗൌരവത്തോടെയാണു് നാം ഏറ്റത്തിരിക്കുന്നതെന്നു് അവർ മനസ്സിലാക്കും.

വികസനപദ്ധതികളെ സംബന്ധിച്ചേടത്തോളം, അവ നമ്മുടെ ജനങ്ങളുടെ ജീവിതത്തോതുയർത്താൻ ഉദ്ദേശിച്ചു കൊണ്ടുള്ളതായിരുന്നു, ഇപ്പോഴുമാണു്. എന്നാൽ മൌലികമായും രാഷ്ട്രത്തെയപ്പാടെ ശക്തിപ്പെടുത്തുന്നതിനും കൂടി ഉദ്ദേശിച്ചു കൊണ്ടുള്ളതാണവ. ഒരു പ്രതിസന്ധിയിൽ

നാം വിദേശത്തുനിന്നു് ആയുധങ്ങളോ വിമാനങ്ങളോ വാങ്ങുന്നതു് വളരെ ആവശ്യമാണെങ്കിൽ കൂടിയും, അങ്ങിനെ ചെയ്യുന്നതു്, യഥാൎത്ഥത്തിൽ ശക്തിയല്ല കാണിക്കുന്നതു്. യഥാൎത്ഥശക്തി നമ്മുടെ സ്വന്തം ഉല്പാദനത്തെ, നമ്മുടെ സ്വന്തം ധനവിഭവമാർഗ്ഗങ്ങളെ, ഏററിയകുറും ആശ്രയിക്കുന്നതിൽ നിന്നാണു് വരുന്നതു്. വാസ്തവത്തിൽ ലോകത്തിലെ വലിയ, ശക്തിയേറിയ, രാജ്യങ്ങൾ തന്നത്താൻ വ്യവസായവൽക്കരിച്ചു്, അതുവഴി, യുദ്ധത്തിനായിട്ടായാലും സമാധാനകരമായ പുരോഗതിക്കു വേണ്ടിയായാലും, പ്രാബല്യം നേടിയ രാജ്യങ്ങളാണെന്നു് നിങ്ങൾക്കറിയാം. അതുകൊണ്ടു് യഥാൎത്ഥശക്തി കൈവരുന്നതു് വ്യവസായവൽക്കരണത്തിൽനിന്നാണു്, ആധുനികസാങ്കേതിക സമ്പ്രദായങ്ങളിൽനിന്നാണു്—അവ കൃഷിയെ സംബന്ധിക്കുന്നതായാലും ശരി, വ്യവസായത്തെ സംബന്ധിക്കുന്നതായാലും ശരി. യഥാൎത്ഥശക്തി ഉരച്ചുനോക്കുന്നതു്, എത്രത്തോളം ഉരുക്കു് നിങ്ങൾ ഉല്പാദിപ്പിക്കുന്നുവെന്നു കണക്കാക്കിയാണു്, എത്രത്തോളം വിദ്യുഛക്തി ഉല്പാദിപ്പിക്കുന്നുവെന്നും ഉപയോഗിക്കുന്നുവെന്നും കണക്കാക്കിയാണു്. അതുകൊണ്ടു് ഇപ്പോഴുള്ള പ്രതിസന്ധിയെ നേരിടുന്നതിനിടയ്ക്കു് യഥാൎത്ഥ ശക്തി നേടാനുള്ള പ്രക്രിയകൾ നാം അമാന്തിപ്പിച്ചിട്ടുണ്ടെങ്കിൽ, നാം നന്നായി പ്രവൎത്തിച്ചിട്ടില്ലെന്നുള്ളതാണു് വാസ്തവം. ചില നിസ്സാര ഭേദഗതികളോടെ ഈ വികസനപരിപാടി തുടൎന്നു് കൊണ്ടുപോയി, യഥാൎത്ഥശക്തി ആൎജ്ജിക്കുന്നതിൽ നാം കഴിയുന്നത്ര മുന്നോട്ടു പോകണമെന്ന് നിഗമനത്തിൽ എത്തിച്ചേരാൻ ഈ കാരണങ്ങളെല്ലാം നമ്മെ നിർബദ്ധരാക്കുന്നു. ഇപ്പോഴത്തെ യുദ്ധാവസ്ഥയുടെ കാഴ്ചപ്പാടിൽ നിന്നും ഭാവിയുടെ കാഴ്ചപ്പാടിൽ നിന്നും നാം പദ്ധതി തുടൎന്നുകൊണ്ടുപോകണം, പോയേതീരു. ഈ 'യുദ്ധാവസ്ഥ' എന്നു് പറയപ്പെടുന്നതു് എന്താണെന്നു് നിങ്ങൾ അൽഭുതപ്പെട്ടേക്കാം. ഇപ്പോൾ യുദ്ധമൊന്നുംനടക്കുന്നില്ല, അത്തരത്തിലുള്ള നടപടിയൊന്നുമില്ല. എന്നാൽ എന്താണു് ഇനി സംഭവിക്കാൻ ഇടയുള്ളതെന്നു് എനിക്കു് നിങ്ങളോടു് പറയാനാവില്ല. ഒരു കാര്യം നിങ്ങൾ നല്ലപോലെ മനസ്സിലാക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. അതായതു് ചൈനാക്കാരുടെ പിന്മാററമോ, വെടിനിൎത്തലോ, കൊളമ്പുനിർദ്ദേശങ്ങളോ, അവ ഏതു് വഴിക്കു് തിരിഞ്ഞാലും—കുറെക്കാലത്തേക്കു് ഈ വെടിനിറുത്തൽ തുടരുമെന്നുതന്നെ വെച്ചോളൂ, ആ തിരിവു തന്നെ മിക്കവാറും അതെടുത്തേക്കാം—അങ്ങനെ തിരിഞ്ഞാലും അതൊന്നും ഈ അവസ്ഥക്കു് മൌലികമായ വ്യത്യാസമൊന്നും വരുത്തുന്നില്ല. ചൈനാഗവമ്മെണ്ടു് നമ്മെ ആക്രമിച്ചു, നമുക്കു് ആപത്തു വരുത്തി. ഇനിയും വീണ്ടും അവർ നമ്മെ ആക്രമിക്കാനിടയുണ്ടു്, ഭീഷ

ണിപ്പെടുത്താനിടയുണ്ട്. ആപത്തുവരുത്താനിടയുണ്ട്. അതാണിപ്പോഴത്തെ അവസ്ഥ. നമ്മെ ആക്രമിച്ചില്ലെങ്കിൽ പോലും, ഒരു വിപത്തിൻെറ കരിനിഴൽ പശ്ചാത്തലത്തിലുണ്ടായിരിക്കും. എത്ര കാലത്തേക്കെന്ന് എനിക്കറിഞ്ഞു കൂടാ. പക്ഷെ തീർച്ചയായും വരാനിരിക്കുന്ന ഗണ്യമായ ഒരു കാലത്തേക്കുണ്ടായിരിക്കും. അതുകൊണ്ട് നമ്മുടെ നാടിനെ രക്ഷിക്കാൻ, നമ്മുടെ അഖണ്ഡതയേയും ഭദ്രതയേയും രക്ഷിക്കാൻ നമുക്കുള്ള ഒരേ ഒരു മാർഗ്ഗം കഴിയുന്നത്ര വേഗത്തിൽ സൈനികമായും സാമ്പത്തികമായും തന്നത്താൻ ശക്തിപ്പെടുകയെന്ന പ്രക്രിയ തുടരുകയാണ്. എല്ലാ കുഴപ്പങ്ങളും തീർന്നു, അല്ലെങ്കിൽ അടുത്തുതന്നെ തീർന്നേക്കുമെന്നൊരു ധാരണ പരന്നിട്ടുണ്ട്. ഏതു് കാഴ്ചപ്പാടിൽ നിന്നായാലും ഈ ധാരണ ഒട്ടും നീതീകരിക്കത്തക്കതല്ല. അടുത്ത ഭാവിയിൽ നമ്മുടെ അതിർത്തികളിൽ യഥാർത്ഥത്തിലുള്ള സമരമൊന്നും ഉണ്ടായില്ലെങ്കിൽ പോലും, ഇതു് അനുവദിക്കാൻ സാദ്ധ്യമല്ല. ഈ വശം നിങ്ങളുടെ സംസ്ഥാനങ്ങളിലും പൊതുജനങ്ങളോടും ഊന്നിപ്പറയാൻ ശ്രമിക്കണം. നാം യുദ്ധക്കൊതിയന്മാരല്ല. യുദ്ധത്തിനു വേണ്ടിയുള്ള യുദ്ധം നാം ആഗ്രഹിക്കുന്നില്ല. അതൊഴിവാക്കാൻ നാം ആഗ്രഹിക്കുന്നു. പക്ഷെ ദുർബ്ബലരായിരിക്കുന്നതു കൊണ്ട് യുദ്ധമൊഴിവാക്കാൻ സാദ്ധ്യമല്ല. ആക്രമിക്കപ്പെടുകയും അവരുടെ ആക്രമണത്തെ തുരത്താൻ പൂർണ്ണമായി തയ്യാറെടുക്കാതിരിക്കുകയും ചെയ്യുകയെന്ന അപകടത്തെ നേരിടാൻ നമുക്ക് നിവൃത്തിയില്ല. അതുകൊണ്ട് ഈ തയ്യാറെടുക്കൽ മുഴുവനും നടന്നേ തീരൂ. ചെലവുകാം നടത്തിയേ തീരൂ. ജനങ്ങളുടെ ചൈതന്യം ഉജ്ജ്വലമാക്കിയേ തീരൂ.

ഗ്രാമീണസന്നദ്ധസേനാപദ്ധതിയാണ് ഒരു വിഷയം. അതിൻെറ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. എന്നാൽ ഈ പദ്ധതി വളരെ പ്രധാനപ്പെട്ടതാണെന്ന് എനിക്ക് തോന്നുന്നു. എന്തെന്നാൽ ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്ന നമ്മുടെ ജനസംഖ്യയിൽ വലിയൊരു ഭൂരിപക്ഷത്തെ ബാധിക്കുന്നതാണിതു്. നമ്മുടെ വികസനത്തിനും യുദ്ധയത്നങ്ങൾക്കും നല്ലതായ കാര്യങ്ങൾ അവരെക്കൊണ്ട് അതു് ചെയ്യിക്കും. ഈ പരിപാടി 50 ശതമാനം വിജയിച്ചാൽ തന്നെയും അതു് ഒരു മഹാകാര്യമായിരിക്കും. ഭാരതത്തിൻെറ മുഖത്തിന് ശോഭ ചാർത്തുന്ന ഏതാണ്ടൊരു മഹാൽഭുതമായിരിക്കുമതു്. ഈ സന്നദ്ധ സേനയെ മുന്നണിയിലേക്ക് അയക്കാൻ പോകുന്നില്ല. എന്നാൽ, ഗ്രാമങ്ങളിൽ പ്രതിരോധത്തിനു മാത്രമല്ല, വേണ്ടിവന്നാൽ ക്രമസമാധാനത്തിനും മറ്റെല്ലാത്തിനും അതിനെ പ്രയോജനപ്പെടുത്തും. ജനങ്ങളുടെ മനോവീര്യം ഉയർത്തി നിർത്തുകയും, അവരുടെ ഉത്സാഹത്തെ ഒരു നിശ്ചിത

വഴിക്കു് തിരിച്ചു വിടുകയുമാണു് മുഖ്യകാര്യം. കൃഷിയിൽ അവർ മെച്ചമായി പ്രവർത്തിച്ചാൽ, അതു് അവർക്കു് നല്ലതാണെന്നു് മാത്രമല്ല, യുദ്ധയത്നത്തിൻെറ ഒരു ഭാഗം കൂടിയാണതെന്നു് അവർക്കു് തോന്നണം. അതുകൊണ്ടു്, നമ്മുടെ സാമൂഹ്യവികസന വകുപ്പു് തയ്യാറാക്കിയ ഈ പരിപൂർണ്ണപദ്ധതിയിലേക്കു് നിങ്ങളുടെ സവിശേഷമായ ശ്രദ്ധ ഞാൻ ക്ഷണിക്കുകയും അതിൽ നിങ്ങളുടെ സഹകരണം തേടുകയും ചെയ്യുന്നു.

സാമൂഹ്യസേവനവശം എന്നു് പറയപ്പെടുന്നതു് വെട്ടിക്കുറയ്ക്കാനുള്ള ഏതു് ശ്രമവും നിർഭാഗ്യകരമായിരിക്കുമെന്നു് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പൊതുജനാരോഗ്യമായാലും വിദ്യാഭ്യാസമായാലും, രണ്ടും എല്ലായ്പോഴും, അതിലും വിശേഷിച്ച് യുദ്ധകാലത്തു്, സമുദായത്തിനു് ജീവൽപ്രധാനങ്ങളായ കാര്യങ്ങളാണു്. ശത്രുവിൻെറ പ്രവർത്തനം മൂലം യുദ്ധത്തിൽ അപായമേൽക്കുന്നവരുടെ എണ്ണം, രോഗങ്ങളിൽനിന്നു് അപായമേൽക്കുന്നവരുടെ എണ്ണത്തേക്കാറം എത്രയോ കുറവാണു്. അതുകൊണ്ടു്, പൊതുജനാരോഗ്യത്തിനും വിദ്യാഭ്യാസത്തിനുമുള്ള പദ്ധതികൾ നിലനിർത്തേണ്ടതു് ജീവൽപ്രധാനമാണു്. മറെറാരു വീക്ഷണകോണിൽ കൂടി നോക്കിയാലും വിദ്യാഭ്യാസം ജീവൽപ്രധാനമാണു്. കഴിഞ്ഞ കാലങ്ങളിൽ അടിസ്ഥാന വിദ്യാഭ്യാസത്തെപ്പററി നാം വളരെയൊക്കെ പറയുകയുണ്ടായിട്ടുണ്ടു്. നാം അതു് എത്രത്തോളം നടപ്പാക്കിയിട്ടുണ്ടെന്നുള്ളതു് സംശയാസ്പദമാണു്. എന്നാൽ അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ ആശയം—ഉല്പാദനപരമായ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസം—അതിപ്രധാനമാണു്. മറെറാരുവിധത്തിൽ നോക്കിയാൽ, യുദ്ധത്തിൻെറ കാഴ്ചപ്പാടിലായാലും, അച്ചടക്കത്തിൻെറയും പരിശീലനത്തിൻെറയും കാഴ്ചപ്പാടിലായാലും അതു് പ്രധാനപ്പെട്ടതാണു്. നമ്മുടെ കേന്ദ്രവിദ്യാഭ്യാസ വകുപ്പിനോടു് ഞാൻ നിർദ്ദേശിച്ചതു പോലെ നിങ്ങളോടും ഞാൻ പറയുന്നു, ഇക്കാര്യത്തിൽ ഉണർവ്വു് കാണിച്ചേ തീരൂ. ഇക്കാര്യത്തിൽ ചില സംസ്ഥാനങ്ങൾ സജീവമായിട്ടുണ്ടെന്നും മററുള്ളവ അങ്ങിനെ ആയിട്ടില്ലെന്നും എന്നെ ധരിപ്പിച്ചിട്ടുണ്ടു്. അതു് ഒരു പഴഞ്ചൻ വശമാണെന്നു് അവർ വിചാരിക്കുന്നു. അതു് പഴഞ്ചനല്ല. ഒരു മനുഷ്യനെ ബുദ്ധിപരമായും മററു് വിധത്തിലും പ്രാപ്തനാക്കാനുള്ള ഏററവും ആധുനികമായ ഒരു ആശയമാണിതു്. ഉല്പാദനപരമായ പ്രവർത്തനമെന്നു വെച്ചാൽ ചക്ക് തിരിക്കുകയെന്നതാണെന്നു് ചിലയാളുകൾ വിചാരിക്കുന്നു. ചക്ക് തിരിക്കുന്നതു് തീർച്ചയായും ഉല്പാദനപരമായ പ്രവർത്തനമാണു്.

എന്നാൽ മററു് പല തരത്തിലുമുള്ള ഡസൻ കണക്കിനു് പ്രവർത്തനങ്ങളുമുണ്ടു്. സ്കൂളുകൾക്കു് മുറിവുകൾ കെട്ടാനുള്ള തുണികൾ (ബാൻഡേജുകൾ) തയ്യാറാക്കാം. അതുപോലെ യുദ്ധശ്രമങ്ങൾക്കാവശ്യമുള്ള നൂററുക്കണക്കിനു് മററു് കാര്യങ്ങളുണ്ടു്, സ്കൂളുകൾക്കു് നിർമ്മിക്കാവുന്നതായിട്ടു്.

പിന്നെ, സാങ്കേതികവിദ്യാഭ്യാസം. അതെപ്പോഴും വലിയ പ്രാധാന്യമുള്ളതു തന്നെയാണു്. അതിലേറെയാണിപ്പോൾ. സമർത്ഥരായ, അർഹതയുള്ള, വിദ്യാർത്ഥികൾക്കായി വളരെയേറെ സ്കോളർഷിപ്പുകൾ നൽകണമെന്നു് നാം മുമ്പെ പറഞ്ഞിട്ടുള്ളതാണു്. ഏതാനും രൂപ കൊടുത്തതു കൊണ്ടായില്ല. തികച്ചും ആവശ്യം നിറവേററുന്നതായിരിക്കണം ആ സ്കോളർഷിപ്പുകൾ. ഒരാൾ എഞ്ചിനീയറിങ്ങിനു് പഠിക്കാൻ പോകുകയാണെങ്കിൽ അയാൾക്കു് വേണ്ടത്ര പണം കൊടുക്കണം. അതു ചെയ്യണമെന്നു് നാം മുമ്പേ പറഞ്ഞിട്ടുണ്ടു്. സാങ്കേതിക പരിശീലനം സിദ്ധിച്ച ധാരാളം ആളുകളെ നമുക്കു് ആവശ്യമുള്ള ഈ സമയത്തു്, ഇക്കാര്യം മുമ്പത്തേക്കാളൊക്കെ കൂടുതൽ പ്രാധാന്യമുള്ളതാണെന്നു് ഞാൻ വിചാരിക്കുന്നു. സ്കോളർഷിപ്പു് കൊണ്ടു് പ്രയോജനമുണ്ടാകുമെന്നുള്ളവർക്കു് യഥാർത്ഥത്തിൽ അനവധി സ്കോളർഷിപ്പുകൾ നാം നൽകുന്നുവെന്ന വസ്തുത പൊതുജനങ്ങൾക്കിടയിൽ വളരെ നല്ല സ്വീകരണം കിട്ടുന്ന ഒരു കാര്യമായിരിക്കും. ജനങ്ങളിൽ നിന്നു് പ്രത്യക്ഷമോ പരോക്ഷമോ ആയ നികുതികളായി വളരെയധികം പണം എടുക്കാൻ നമുക്കാഗ്രഹമുണ്ടു്. അതു പോലെ അവർക്കങ്ങോട്ടു് എന്തെങ്കിലും കൊടുക്കുകയും വേണം. സാമാന്യവിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും പുറമെ, സ്കോളർഷിപ്പുകൾ കൊടുക്കുന്നതു് നല്ലതാണെന്നു് ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു് വിദ്യാഭ്യാസപരമോ ആരോഗ്യപരമോ ആയ പ്രവർത്തനങ്ങൾ നിറുത്തണമെന്നു് പറയുന്നതു് ശരിയല്ല. നാം എന്തിനു വേണ്ടിയാണു് സമരം ചെയ്യുന്നതു്? ജനങ്ങളുടെ ഗുണത്തിനു വേണ്ടിയാണു്. മെഡിക്കൽ വിദ്യാഭ്യാസത്തിനും എഞ്ചിനിയറിംഗ് കോഴ്സുകൾക്കും മററു് വിദഗ്ദ്ധപഠനങ്ങൾക്കുമായി വലിയൊരെണ്ണം സ്കോളർഷിപ്പുകൾ അവർക്കു് കൊടുക്കണം. അതു് വളരെ വലിയൊരെണ്ണമായിരിക്കണമെന്നു് ഞാൻ ഊന്നിപ്പറയുന്നു. അതിനു് ഞാൻ വളരെ വലിയ പ്രാധാന്യം കല്പിക്കുന്നു. നമുക്കു് അതിനായി കുറെ പണം ചെലവാകും. പക്ഷെ പണച്ചെലവു് ഒരു തടസ്സമാകാൻ പാടില്ല. അതിൽ നിന്നുണ്ടാകുന്ന ഫലത്തിന്റെ യഥാർത്ഥ്യം പണത്തിന്റെ തോതുമായി നോക്കുമ്പോൾ എത്രയോ വലുതായിരിക്കും.

കാര്യമെന്തെന്നുവെച്ചാൽ, നമുക്കു് നേരിടേണ്ടതു് ഒരു വമ്പിച്ച വിപത്താണു്. ഞാൻ വീണ്ടും പറയുന്നു, ഈ വമ്പിച്ച വിപത്തു നമുക്കു് ഇനിയും നേരിടേണ്ടിവന്നേക്കാം. എന്തായാലും ഈ മഹാവിപത്തു് വളരെ നീണ്ട ഒരു കാലത്തേക്കു്, അനേകം കൊല്ലം, നമ്മുടെ തലയ്ക്കു മീതെ തൊന്നു കിടക്കും. ഇടക്കാലത്തു് എന്തോ് സംഭവിക്കട്ടെ, അതിൽ കാര്യമില്ല. യുദ്ധം വീണ്ടും ആരംഭിച്ചാലും ഇല്ലെങ്കിലും കാര്യമില്ല. ആ മഹാവിപത്തു് എപ്പോഴും അവിടെയുണ്ടു്. അതു തള്ളിക്കയറി വരുമ്പോഴ്, അതിനെ നേരിടാൻ സർവ്വവിധേനയും തയ്യാറെടുത്തിരുന്നാലേ, അതൊഴിവാക്കാൻ പററൂ. എന്നിട്ടും ആ മഹാവിപത്തു് വരുകയാണെങ്കിൽ, നിങ്ങളതിനെ നേരിടണം. അതിനു് ഒരു മേന്മയുണ്ടു്. അങ്ങനെയല്ലാത്തപ്പോഴ് ചെയ്യുന്നതിനേക്കാഴ് കാര്യങ്ങഴ് ചെയ്യാൻ ജനങ്ങളെ അതു് മാനസികമായി എത്രയോ കൂടുതൽ ചൊടിപ്പിച്ചു നിർത്തുന്നു. വാസ്തവത്തിൽ യുദ്ധം ഒരു ഭയങ്കരകാര്യമാണു്. എന്നാൽ, യുദ്ധമുറകളിൽ മാത്രമല്ല, മററു് കാര്യങ്ങളിലും യുദ്ധം കണ്ടുപിടിത്തങ്ങളുടെ മാതാവാണു്.

ശാസ്ത്രീയപുരോഗതി ഇന്നു് ജീവിതത്തിൽ എന്തൊരു ജീവൽപ്രധാനമായ പങ്കാണു് നിർവ്വഹിക്കുന്നതെന്നു് നമ്മളെല്ലാപേരും മനസ്സിലാക്കിയിരിക്കണമെന്നു് ഞാനാഗ്രഹിക്കുന്നു. യുദ്ധമാണെങ്കിൽ, ശാസ്ത്രീയപുരോഗതി കൊണ്ടാണു് നിയന്ത്രിക്കപ്പെടുന്നതെന്നുള്ളതിൽ സംശയമില്ല. രജപുത്രശൌര്യമല്ല അതിനെ നിയന്ത്രിക്കുന്നതു്, ശാസ്ത്രീയ പുരോഗതിയാണു്. രജപുത്രശൌര്യം വളരെ നല്ലതു തന്നെ. അതു് മനുഷ്യനു് ചൈതന്യം നൽകുന്നു. പക്ഷെ അതല്ല യഥാർത്ഥത്തിലുള്ള യുദ്ധം. ഇന്നു് നിങ്ങഴക്കു് വേണ്ടതു് ശാസ്ത്രീയപരിജ്ഞാനമാണു്, ഉല്പാദനത്തിനുള്ള ശാസ്ത്രീയ സമ്പ്രദായങ്ങളാണു്. ആരോഗ്യത്തിനതുവേണം, എല്ലാത്തിനുമതുവേണം. മിക്ക രാജ്യങ്ങളിലും ശാസ്ത്രീയഗവേഷണത്തിനായി ചെലവഴിക്കുന്ന തുക, അവയുടെ വരുമാനത്തിൻേറയോ റവന്യൂവിൻേറയോ വളരെ വലിയ ഒരു അനുപാതമാണെന്നു് നിങ്ങഴക്കു് കാണാം. കഴിഞ്ഞ പതിനഞ്ചു് വർഷങ്ങഴക്കുള്ളിൽ നാമും ആ തുക ഗണ്യമായി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ ഇപ്പോഴും അതു് താരതമ്യേന ഒരു ചെറിയ ഭാഗമാണെന്നു് നാം മനസ്സിലാക്കണം. യൂറോപ്പിലുള്ള ചെറിയ രാജ്യങ്ങഴ് പോലും അവയുടെ റവന്യൂ വരുമാനത്തിൽ വളരെ വലിയ ഒരു തുക ശാസ്ത്രീയപുരോഗതിക്കായി ചെലവഴിക്കുന്നു. എന്തെന്നാൽ അവക്കറിയാം അതു് പ്രതിഫലം നൽകുമെന്നു്.

യുദ്ധം ബീഭത്സവും ഹീനവുമായ ഒരു കാര്യമാണ്. അതു് മനുഷ്യരിൽ തെററായ മനോഭാവങ്ങരം സൃഷ്ടിക്കുന്നു. എന്നാൽ ഇതുപോലൊരു അടിയന്തരാവസ്ഥ വളരെ സഹായകരമാണ്. കാരണം, അതു് ജനങ്ങളുടെ മനസ്സുകളെ വികസനം മുതലായവയിലേക്കു് തിരിച്ചു വിടുന്നു. യുദ്ധത്തിൻെറ ചീത്തഭാഗം എങ്ങിനെയെങ്കിലും എടുത്തു കളഞ്ഞു്, നല്ലഭാഗം മാത്രം ഉരംക്കൊള്ളാൻ നമുക്കു് കഴിഞ്ഞാൽ അതു് ഏററവും നന്നായിരിക്കും. എന്നാൽ അതു് എളുപ്പത്തിൽ ചെയ്യാവുന്ന ഒരു കാര്യമല്ല. എന്തായാലും നാം ഈ അടിയന്തരാവസ്ഥയെ നേരിട്ടേ ഒക്കൂ. അതിനെ നേരിടാനുള്ള വഴി അതിൽനിന്നു് പ്രയോജനം നേടുകയും, അതില്ലെങ്കിൽ പോകുമായിരുന്നതിനേക്കാരം വേഗത്തിൽ വികസന പരിപാടിയുമായി മുന്നോട്ടു പോവുകയുമാണ്. ആ വശത്തിനു് വേണം നാം പ്രാധാന്യം കല്പിക്കാൻ—അതായതു്, അടിയന്തരാവസ്ഥയിൽനിന്നു് പ്രയോജനം നേടി, തന്നത്താൻ ശക്തി കൈവരുത്തുകയെന്ന കാര്യത്തിനു്. നമുക്കു് നേരിടാനുള്ളതു് വിഷമകരമായ ഒരു വിപത്താണെന്നുള്ളതിനു് സംശയമില്ല. പക്ഷെ അതിനു് മറെറാരു വശമുണ്ടു്. അതിതാണു്. എല്ലാ വിധത്തിലും രാഷ്ട്രത്തിൻെറ നിലവാരം ഉയർത്താൻ നിങ്ങരംക്കു് കിട്ടാവുന്ന ഏററവും വലിയ അവസരങ്ങളിലൊന്നാണിതു്.

— ० —

# രാജ്യരക്ഷയ്ക്കായുള്ള വികസനം

ജവാഹർലാൽ നെഹ്റു

പബ്ലിക്കേഷൻസ് ഡിവിഷൻ